WEDNESDAY 10-05-2023 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/05/2023.

1. കർഷകന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ഫാം പ്ലാനുകൾ സംസ്ഥാനത്ത് 10760 എണ്ണം പൂർത്തീകരിച്ചതായി കൃഷിമന്ത്രി പി.പ്രസാദ് പറഞ്ഞു. വടക്കാഞ്ചേരി ബ്ലോക്കിലെ വരവൂർ ഗവ.എൽ.പി.സ്കൂളിൽ വച്ച് നടന്ന ചടങ്ങിൽ മന്ത്രി പൂർത്തീകരണ പ്രഖ്യാപനം നടത്തി. വ്യത്യസ്ത ഭൂപ്രകൃതിക്ക് അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും കൃത്യമായ ആസൂത്രണത്തിലൂടെ വിവിധ വിളകൾ കൃഷി ചെയ്തുകൊണ്ട് മികച്ച വരുമാനം നേടാൻ കർഷകനെ പ്രാപ്തമാക്കുന്ന പദ്ധതിയാണ് ഫാം പ്ലാൻ. വടക്കാഞ്ചേരി ബ്ലോക്കിൽ മാത്രം 70 ഫാം പ്ലാനുകൾ രൂപീകരിച്ചതായി മന്ത്രി പറഞ്ഞു. 1080 ഫാം പ്ലാനുകൾ രൂപീകരിച്ച് മലപ്പുറം ജില്ലയാണ് ഒന്നാമത്. കേരൾഗ്രോ എന്ന ബ്രാൻഡിൽ കൃഷിവകുപ്പ് ഉൽപന്നങ്ങൾ ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം നടത്തുന്ന പദ്ധതിക്ക് തുടക്കം കുറിച്ചെന്നും മന്ത്രി പറഞ്ഞു. കൃഷിവകുപ്പിൻ്റെ ഫാമുകളുടെ 131 ഉൽപ്പന്നങ്ങളാണ് വില്പനയ്ക്ക് തയ്യാറായിട്ടുള്ളത്. കർഷകർക്ക് പ്രയോജനം ലഭിക്കണമെങ്കിൽ കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തണം. ഇതിനായി 11 വകുപ്പുകൾ സംയോജിപ്പിച്ച് മൂല്യവർദ്ധിത കാർഷികമിഷൻ രൂപീകരിച്ചതായും മന്ത്രി അറിയിച്ചു. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ആകർഷകവും അന്താരാഷ്ട്ര നിലവാരമുള്ളതുമായ പാക്കിംഗ് ആവശ്യമാണ് കർഷകർക്കും, കർഷക ഗ്രൂപ്പുകൾക്കും പാക്കിംഗിന് ആവശ്യമായ പരിശീലനവും സഹായവും നൽകേണ്ടതുണ്ട്. ഇതിനായി മുംബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജുമായി ധാരണാപത്രം ഒപ്പിട്ടതായും അതിന്റെ ആദ്യഘട്ട പരിശീലനം ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

2. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ മേയ് മാസം 19 മുതൽ 28 വരെ നടത്തുന്ന കാർഷിക വിപണന മേളയായ കരപ്പുറം കൃഷികാഴ്ച എന്നപരിപാടി നടക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശനം, സെമിനാർ കർഷക -ശാസ്ത്രജ്ഞരുടെ ആശയവിനിമയം, ഫാം ഫീൽഡ് സന്ദർശനങ്ങൾ, ഡി.പി.ആർ ക്ലിനിക്ക്, ബി 2 ബി മീറ്റ്, കർഷക അദാലത്ത് എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, ഉത്പാദിപ്പിച്ച ടി x ഡി സങ്കരയിനം തെങ്ങിൻ തൈകൾ തൈ ഒന്നിന് 300 രൂപ നിരക്കിൽ ഒരു റേഷൻ കാർഡിന് 3 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പും മേൽവിലാസം സഹിതമുള്ള മടക്കപോസ്റ്റ് കാർഡും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 25. വിതരണം ജൂൺ മാസം ആദ്യവാരം മുതൽ അരംഭിക്കും. കൂടുതൽ വിവരങ്ങൾക്കായി **8547891632** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യു തൈകൾ, അലങ്കാര ചെടികൾ, കുറ്റികുരുമുളക് തൈകൾ എന്നിവ വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (11.05.2023 വ്യാഴാഴ്ച്ച) രാവിലെ 10 മണിക്ക് ''ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ'' എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 12 ന് (12.05.2023) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കോണ്ടുവരേണ്ടതാണ്.

7. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കെ.കെ. അമ്പിളി മെയ് 10-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

8. റബ്ബറിന്റെ വിപണനത്തിലും കയറ്റുമതിരീതികളിലും റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർവിപണി, ഇ-ട്രേഡിങ്, കയറ്റുമതി സാധ്യതകൾ, റബ്ബർവിലയുമായി ബന്ധപ്പെട്ട ഘടകങ്ങൾ, ലൈസൻസിങ്, ഗവണ്മെന്റിന്റെ എക്സിം പോളിസികൾ, വിപണിവികസനത്തിനും കയറ്റുമതി പ്രോത്സാഹനത്തിനുമുള്ള നടപടികൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ടു ദിവസത്തെ പരിശീലനം 2023 മെയ് 11, 12 തീയതികളിൽ കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ –**

9. കമുകിൽ പുതിയ പൂക്കുലകൾ വരുന്ന കാലമാണ്. വളപ്രയോഗം നടത്താത്ത തോട്ടങ്ങളിൽ മരം ഒന്നിന് 165 ഗ്രാം യൂറിയ, 150ഗ്രാം റോക്ക് ഫോസ് ഫേറ്റ്, 175 ഗ്രാം പൊട്ടാഷ് എന്ന തോതിൽ വളം ചെയ്യാം. കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട-രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക.

കുരുമുളകിൽ ദ്രുതവാട്ടം തടയുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം ഇലകളിലും തണ്ടിലും നന്നായി പതിയത്തക്ക വിധം തളിക്കുക. കുറച്ചു മിശ്രിതം ചുവട്ടിൽ ഒഴിക്കണം ഉണങ്ങിയതും നിലത്തുകൂടി പടരുന്നതുമായ വള്ളികൾ നീക്കം ചെയുക. കുരുമുളകിന് ചുവടൊന്നിന് 500 ഗ്രാം കുമ്മായവും അതിനു ശേഷം രണ്ടാഴ്ച്ച കഴിഞ്ഞു 2 കിലോ വേപ്പിൻ പിണാക്കും ചേർത്ത് കൊടുക്കുക തടം തുറക്കുന്നതിന് ദ്രുതവാട്ടം വരാനുള്ള സാധ്യത കൂട്ടും. പൊള്ളു രോഗം, വണ്ട് എന്നിവയ്ക്കെതിരെ ജാഗ്രത പുലർത്തുക